# അക്രഡിറ്റഡ് ഏജൻസികൾ നിർവഹിക്കുന്ന പണികളുടെ നടപടിക്രമം പരിഷ്ക്കരിച്ചു

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – തദ്ദേശഭരണസ്ഥാപനങ്ങൾ അക്രഡിറ്റ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പണികളുടെ നിർവഹണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പരിഷ്ക്കരിച്ച്–ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(എം.എസ്)നം. 133/07/തസ്വഭവ.

തീയതി, തിരുവനന്തപുരം, 18–05–2007

പരാമർശം
1. സ.ഉ.(പി) നം.216/97/തഭവ; തീയതി 23.09.1997
2. സ.ഉ (എം.എസ്) നം.254/97/തഭവ, തീയതി 12.11.1997
3. സ.ഉ (എം.എസ്) നം.68/98 തഭവ, തീയതി 21.03.1998
4. സ.ഉ. (പി) നം. 21/99/ തഭവ, തീയതി 28.01.1999.
5. സ.ഉ. (പി) നം. 135/99/ തഭവ, തീയതി 06.07.1999
6. സ.ഉ (എം.എസ്) നം.47/2001/പ്ലാനിംഗ്, തീയതി 28.11.2001
7. സർക്കുലർ നം. 13527/ഡി.പി 1/03/തസ്വഭവ, തീയതി 19.3.2003
8. സ.ഉ. ( ആർ.ടി) നം.4288/.04/തസ്വഭവ, തീയതി 14.12.04
9. സ.ഉ (ആർ.ടി) നം. 856/05/തസ്വഭവ, തീയതി 5.3.05

### ഉത്തരവ്

പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരം പുറപ്പെടുവിച്ച കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളെയും കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളെയും അടിസ്ഥാനമാക്കി സർക്കാർ ചില സ്ഥാപനങ്ങളെ/ സർക്കാരിതര സംഘടനകളെ/ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികളായി അംഗീകരിച്ചിട്ടുണ്ട്. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതും സാമ്പത്തികക്ഷമതയുള്ളതും പ്രവർത്തിപരിചയമുള്ളതുമായ സ്ഥാപനങ്ങൾ/ സംഘടനകൾ/ സംഘങ്ങൾക്കാണ് അക്രഡിറ്റേഷൻ നൽകുന്നത്. ഇപ്രകാരം അംഗീകാരം നൽകുന്ന അക്രഡിറ്റഡ് ഏജൻസികൾ

മുഖേന, തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണം നടത്തുന്നതിന് പരാമർശത്തിലെ 3,4,5,6,7,9 എന്നിവ പ്രകാരം നിശ്ചയിച്ചിരുന്ന നടപടിക്രമങ്ങൾ ചുവടെ വിവരിക്കുന്ന പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഒരു സ്ഥാപനത്തിന്/ സംഘടനയ്ക്ക്/ സംഘത്തിന് അക്രഡിറ്റേഷൻ നൽകികൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള ഇനം പ്രവൃത്തികൾ മാത്രമേ ആ സ്ഥാപനം/ സംഘടന/ സംഘം മുഖേന നിർവഹണം നടത്താൻ പാടുള്ളൂ. ചില ഏജൻസികളുടെ കാര്യത്തിൽ ചില പ്രദേശങ്ങൾക്ക്/ ജില്ലയ്ക്ക് മാത്രമായാണ് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. അതിനാൽ പ്രവൃത്തിയുടെ നിർവഹണചുമതല ഈ ഉത്തരവിലെ നടപടിക്രമങ്ങൾ പ്രകാരം ഒരു അക്രഡിറ്റ് ഏജൻസിയെ ഏൽപ്പിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട ഏജൻസിക്ക് തങ്ങളുടെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.

2. ലാഭം അനുവദനീയമല്ലാത്തതിനാലും യഥാർത്ഥ മൂല്യം (actual cost) മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്നതിനാലും കാരാറുകാരന്റെ ലാഭവിഹിതം കൂടാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മൂല്യവർധിത നികുതി (Value Addex Tax), ആദായ നികുതി (Income Tax), മറ്റു നികുതികൾ, നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം, മാനേജ്മെന്റ് ചാർജ്ജ്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം (അനുവദനീയമാണെങ്കിൽ മാത്രം) മുതലായ ചെലവുകൾക്കുള്ള തുക എസ്റ്റിമേറ്റിൽ പ്രത്യേകം കാണിച്ചിരിക്കണം. പ്രാബല്യത്തിലുള്ള നിരക്കുകൾ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തുകയ്ക്ക് പുറമെയാണ് (over and above estimates as per rates in vogue) ഈ ചെലവുകൾക്കുള്ള തുക വകയിരുത്തേണ്ടത്.

3. എസ്റ്റിമേറ്റ് തയ്യാറാക്കൽ

(a) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയായിരിക്കണം. പ്ലാൻ,ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കേണ്ടത്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കുകളാണ്. (schedule of rates) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അവലംബിക്കേണ്ടത്.

(b) നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തുടങ്ങിയ ഏജൻസികളുടെ തനത്സാങ്കേതികവിദ്യ (alternate technology) ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്ക്, ഈ ഏജൻസികൾ നിശ്ചയിച്ചിട്ടുള്ള ഡാറ്റായുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസികളുടെ തന്നെ സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. എന്നാൽ ആകെ മതിപ്പ് ചെലവ്, പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും

നിബന്ധനകളും അനുസരിച്ച് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന എസ്റ്റിമേറ്റ് തുകയെയക്കാൾ അധികമാകരുത്.

(c) തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ ബന്ധപ്പെട്ട എജൻസികളുടെ എഞ്ചിനീയർമാർക്കും തയ്യാറാക്കാവുന്നതാണ്. എന്നാൽ മറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ തന്നെയായിരിക്കണം ഇവ തയ്യാറാക്കേണ്ടത്.

4. സാങ്കേതികാനുമതി

പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങുന്നതിന് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പൊതുവായ നടപടിക്രമങ്ങൾ അക്രഡിറ്റഡ് എജൻസികൾ മുഖേന നിർവഹണം നടത്തുന്ന പ്രവൃത്തികൾക്കും ബാധകമായിരിക്കും. എന്നാൽ നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തുടങ്ങിയ ഏജൻസികളുടെ തനത് സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി ജില്ലാതലത്തിൽ ഒരു പ്രത്യേക സമിതി ഉണ്ടായിരിക്കണം. ഈ ഏജൻസികൾ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ പരിചയമുള്ള എഞ്ചിനീയർമാരെ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സമിതി രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുതലായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയർമാരെ ഈ സമിതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതാണ്. ഈ സമിതിയിൽ നിന്നാണ് എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി വാങ്ങേണ്ടത്.തനത് സാങ്കേതികവിദ്യ പരിചയമുള്ള എഞ്ചീനീയർമാർ ഇല്ലാത്തതിനാൽ ഇപ്രകാരമൊരു സമിതി ഏതെങ്കിലും ജില്ലയിൽ രൂപികരിക്കാൻ കഴിയുന്നില്ലെങ്കിലോ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സമിതിയ്ക്ക് സാങ്കേതികാനുമതി നൽകാൻ കഴിയുന്ന അധികാരപരിധിയിലും കൂടുതൽ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തിയാണെങ്കിലോ പരാമർശം എട്ട് പ്രകാരം രൂപികരിച്ചിട്ടുള്ള സംസ്ഥാനതല സമിതിയിൽ നിന്ന് സാങ്കേതികാനുമതി വാങ്ങാവുന്നതാണ്.

5. ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ തന്നെ പ്രവൃത്തികളുടെ നിർവഹണം അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണ്. ഷെഡ്യൂൾ നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള സാധ്യത തദ്ദേശഭരണ സ്ഥാപനം ആരായണം. അതുപ്രകാരം നിശ്ചയിക്കുന്ന നിരക്കിന്റെ അടിസ്ഥാനത്തിലായിരിക്കണം. നിർവ്വഹണ ചുമതല ഏജൻസിയെ ഏൽപ്പിക്കേണ്ടത്. ഷെഡ്യൂൾ നിരക്കിനെക്കാൾ അധിക നിരക്ക് അനുവദിക്കാൻ പാടുള്ളതല്ല. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് സർക്കാർ

ഒരു പൊതു ഉത്തരവിലൂടെ അനുമതി നൽക്കുകയാണെങ്കിൽ മാത്രം അതിന് നിശ്ചയിക്കുന്ന വ്യവസ്ഥകൾ പ്രകാരം അധിക നിരക്ക് അനുവദിക്കാവുന്നതാണ്.

6. നിരതദ്രവ്യം (EMD),ജാമ്യതുക (Security) മുതലായവ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ഈടാക്കേണ്ടതില്ല.

7. പ്രവൃത്തി ഏല്പിക്കുമ്പോൾ തദ്ദേശഭരണസ്ഥാപനവും ഏജൻസിയും തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടണം.

8. സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തൽ

(a) തദ്ദേശഭരണസ്ഥാപനത്തിന്റെ എഞ്ചിനീയറാണ് സൂപ്പർ വിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടത്. തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ മാത്രം ബന്ധപ്പെട്ട ഏജൻസികളുടെ എഞ്ചിനീയർമാർക്കും അളവുകൾ രേഖപ്പെടുത്താവുന്നതാണ് എന്നിരുന്നാലും തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ അവ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെടേണ്ടതാണ്.

(b) പ്രവൃത്തിയുടെ സാങ്കേതിക ഗുണനിലവാരം (technical soundness) ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ഏജൻസിക്കാണ്.

(c) പ്ലാൻ,ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കുക. സൂപ്പർ വിഷൻ നടത്തുക എന്നീ ചുമതലകൾ നിറവേറ്റുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന് സ്വന്തമായി എഞ്ചിനീയർ ഇല്ലെങ്കിൽ/ എഞ്ചിനീയറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണങ്കിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പകരം സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

9. അളവുകൾ പരിശോധിക്കൽ (**Check measurement**):-

(a) അളവുകൾ രേഖപ്പെടുത്തിയ എഞ്ചിനീയറുടെ ഉയർന്ന റാങ്കിലുള്ള മറ്റൊരു എഞ്ചിനീയർക്ക്, ചെക്ക് മെഷർമെന്റ് നടത്താവുന്നതാണ്. എന്നാൽ തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ അളവുകൾ എജൻസിയുടെ എഞ്ചിനീയറാണ് രേഖപ്പെടുത്തുന്നതെങ്കിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ താഴെയല്ലാത്ത ഒരു എഞ്ചിനീയറായിരിക്കണം ചെക്ക്മെഷർമെന്റ് നടത്തേണ്ടത്.

(b) തദ്ദേശഭരണസ്ഥാപനങ്ങളുടെ/തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച എഞ്ചിനീയർമാർക്ക് പുറമേ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയുള്ള എഞ്ചിനീയർമാർക്കും, സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചതും സാങ്കേതികാനുമതി നൽകുന്നതിനുള്ള സമിതികളിൽ അംഗങ്ങളുമായ എഞ്ചിനീയർമാർക്കും ചെക്ക് മെഷർമെന്റ് നടത്താവുന്നതാണ്.വിരമിച്ച എഞ്ചിനീയർമാരുടെ കാര്യത്തിൽ അവർ ഏത് പദവിയിൽ നിന്നാണോ വിരമിച്ചത് പ്രസ്തുത പദവിയിലുള്ള എഞ്ചിനീയറായി അവരെ കണക്കാക്കാവുന്നതാണ്.

10. മാനേജ്മെന്റ് ചാർജ്ജ് /എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം

പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനുള്ള മാനേജ്മെന്റ് ചാർജ്ജ് ആയി എസ്റ്റിമേറ്റ് തുകയുടെ 2 (രണ്ട്) ശതമാനം പരിധിയില്ലാതെ, ഏജൻസിക്ക് നൽകണ്ടേതാണ്.തനതു സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ കാര്യത്തിൽ എജൻസി തന്നെയാണ്. പ്ലാൻ. ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതെങ്കിൽ പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 1/2 ശതമാനം ഏജൻസിക്ക് അനുവദിക്കാവുന്നതാണ്. ഇത്തരം ചെലവുകൾക്ക് വേണ്ട തുക മാനേജ്മെന്റ് ചാർജ്ജ് / എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം എന്ന ഇനത്തിൽ പ്രൊജക്ടിൽ പ്രത്യേകം ഉൾപ്പെടുത്തണം.

11. പേയ്മെന്റ്

ചുവടെ കൊടുത്തിരിക്കുന്നത് പ്രകാരം ഘട്ടം ഘട്ടമായി മാത്രമേ ഏജൻസിക്ക് തുക നല്കാൻ പാടുള്ളൂ.

(a) ഘട്ടം 1 : കരാർ ഉടമ്പടിയിൽ ഏർപ്പെട്ടു കഴിഞ്ഞാൽ പ്രവൃത്തിക്കുള്ള കരാർ ഉടമ്പടി തുകയുടെ 20%

(b) ഘട്ടം 2,3,4 : മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാല്വേഷൻ ചെക്ക് മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് 20 % വീതം

(c) ഘട്ടം 5: മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാല്വേഷൻ ചെക്ക് മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് 10 % വീതം

(d) ഘട്ടം 6 : പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ഫൈനൽ വാല്വേഷൻ ചെക്ക് മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ബന്ധപ്പെട്ട എല്ലാ രേഖകളും തദ്ദേശസ്വയഭരണസ്ഥാപനത്തിന് സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് ബാക്കി 10 %

(e) മാനേജ്മെന്റ് ചാർജ്ജ്/ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം അവസാനഘട്ടത്തിൽ നൽകിയാൽ മതിയാക്കും.

12 തനതു സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ അളവുകൾ ഏജൻസിയുടെ എഞ്ചിനീയറാണ് രേഖപ്പെടുത്തുന്നതെങ്കിൽ മെഷർമെന്റ് ബുക്ക്, വൗച്ചറുകൾ, മറ്റ് രേഖകൾ എന്നിവ ഏജൻസി തന്നെ തയ്യാറാക്കി സൂക്ഷിക്കണം. തദ്ദേക ഭരണ സ്ഥാപനമോ, തദ്ദേശഭരണ സ്ഥാപനം നിയോഗിക്കുന്ന എഞ്ചിനീയറോ / സമിതിയോ എപ്പോൾ ആവശ്യപ്പെട്ടാലും അവ പരിശോധനയ്ക്കായി നൽകേണ്ടതാണ്. മെഷർമെന്റ് ബുക്ക്, മറ്റ് രേഖകൾ എന്നിവ പ്രവൃത്തി പൂർത്തിയാക്കി 15 ദിവസത്തിനകം തദ്ദേശഭരണ സ്ഥാപനത്തിന് നൽകണം.

13. പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരം പുറപ്പെടുവിച്ച പൊതുമരാമത്ത് ചട്ടങ്ങളിലെ 17–ാ മത് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം പ്രവൃത്തിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് ഏജൻസി തയ്യാറാക്കി, വ്യക്തമായി കാണാവുന്ന തരത്തിൽ പണിസ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

14. പ്രവൃത്തികൾ സംബന്ധിച്ച് എല്ലാ രേഖകളും പൊതുരേഖകളായിരിക്കുന്നതാണ്. ഏതെങ്കിലും പൗരൻ ആവശ്യപ്പെട്ടാൽ പകർപ്പ് എടുക്കുന്നതിനുള്ള ഫീസ് ഈടാക്കി കൊണ്ട് എജൻസി/തദ്ദേക ഭരണ സ്ഥാപനം ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് നൽകേണ്ടതാണ്.

15. നികുതികളും ക്ഷേമനിധി വിഹിതവും തദ്ദേശഭരണ സ്ഥാപനം തന്നെ നേരിട്ട് അടയ്ക്കണം. ഈ ചെലവുകൾ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്യാൻ പാടുളതല്ല. ഇവ അടച്ചുവെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (മൂല്യ വർദ്ധിത നികുതിയെ (VAT) സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫോറം,ക്ഷേമനിധി വിഹിതം അടച്ച രസീതിന്റെ പകർപ്പ്, ആദായനികുതി അടച്ചതിന്റെ സർട്ടിഫിക്കറ്റ് മുതലായവ) തദ്ദേശഭരണസ്ഥാപനം അക്രഡിറ്റഡ് ഏജൻസിക്ക് നൽകണം. ഏജൻസികൾ അവരുടെ ടേൺ ഓവർ സംബന്ധിച്ച കണക്കുകൾ ബന്ധപ്പെട്ട വകുപ്പിൽ/ സ്ഥാപനത്തിൽ സമർപ്പിക്കുമ്പോൾ ഈ പ്രവൃത്തികൾക്ക് തദ്ദേശഭരണസ്ഥാപനം നികുതി / ക്ഷേമനിധി വിഹിതം അടച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിൽ ഏജൻസികൾ വീണ്ടും അവ അടക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഇപ്രകാരം സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് നിർദ്ദേശിക്കുന്നത്. മുൻ കാലങ്ങളിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവഹണം നടത്തുകയും തദ്ദേശഭരണസ്ഥാപനം തന്നെ നേരിട്ട് നികുതി/ ക്ഷേമനിധി വിഹിതം അടയ്ക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ അവ അടച്ചുവെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഏജൻസികൾക്കു നൽകിയിട്ടില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഉടൻ തന്നെ അവ ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകേണ്ടതാണ്.

പരാമാർശം 4,6,9 എന്നീ സർക്കാർ ഉത്തരവുകളും 7-ാമത്തെ സർക്കുലറും റദ്ദ് ചെയ്യുന്നു. പരാമാർശം 3,5 എന്നീ സർക്കാർ ഉത്തരവുകളിലെ, അക്രഡിറ്റേഷൻ സംബന്ധിച്ച ഭാഗങ്ങളൊഴികെയുള്ള നടപടിക്രമങ്ങളും റദ്ദ് ചെയ്യുന്നു. അതായത് പരാമർശം മൂന്നിലെ ഉത്തരവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകികൊണ്ടുള്ള ഭാഗവും പരാമർശം അഞ്ചിലെ ഉത്തരവിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് അക്രഡിറ്റേഷൻ നൽകി കൊണ്ടുള്ള ഭാഗവും മാത്രം തുടർന്നും പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം. വിജയാനന്ദ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി